**കേരള കാർഷിക സർവ്വകലാശാല**

മെയിൻ കാമ്പസ്, വെള്ളാനിക്കര

നമ്പർ: ജിഎ/ജി1/12861/2017 തീയ്യതി : 05.12.2017

**<u>സർക്കുലർ</u>**

**<u>കേരള കാർഷിക സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിലിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ</u>**

**(സെക്ഷൻ 17(1) (j) & (k) കെ.എ.യു.ആക്ട് )**

സർവ്വകലാശാലയുടെ **30.10.2017 തീയ്യതിയിലെ ജിഎ/ജി1/12861/2017 ാം നമ്പർ** വിജ്ഞാപന പ്രകാരം. **19.12.2017 (ചൊവ്വാഴ്ച) രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണി വരെ** താഴെപ്പറയുന്ന നിയോജക മണ്ഡലത്തിൽ നിന്ന് അക്കാഡമിക് കൗൺസിലിലേക്ക് വോട്ടെടുപ്പ് നടത്തുന്നതാണ്.

| | <u>മണ്ഡലത്തിന്റെ പേര്</u> | <u>തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം</u> |
|---|---|---|
| **I.** | സർവ്വകലാശാലയിലെ അദ്ധ്യാപകർ ( ഡീൻ ഒഴികെ )<br>*(1) ഫാക്കൽറ്റി ഓഫ് അഗ്രികൾച്ചർ*<br>*(2) ഫാക്കൽറ്റി ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിംഗ് & ടെക്നോളജി* | <br>1 (ഒന്ന്)<br>1 (ഒന്ന്) |
| **II.** | **സർവ്വകലാശാലയിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ** | **2 (രണ്ട്)** |
| **III.** | **സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികൾ** | **1 (ഒന്ന്)** |

**27.09.2017** ന് പ്രസിദ്ധീകരിച്ചതും **30.10.2017** ന് തെറ്റുകൾ തിരുത്തപ്പെട്ടതുമായ വോട്ടർപ്പട്ടികയിൽ പേര് ഉൾപ്പെടുത്തിയവർക്ക് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പോളിംഗ് ദിവസത്തിനുള്ളിൽ ഏതെങ്കിലും കാരണവശാൽ അതാതു മണ്ഡലത്തിലെ അംഗത്വം നഷ്ടപ്പെടുന്നവർക്ക് വോട്ട് രേഖപ്പെടുത്തുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

വോട്ട് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിന് നേരെയുള്ള കോളത്തിൽ പോളിംഗ് ബൂത്തിൽ നിന്നും നൽകുന്ന **"Arrow Cross mark"** ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

ഉദാഹരണം: I

( ഒരു അംഗത്തെ തെരഞ്ഞെടുക്കുന്നതിന് വോട്ട് രേഖപ്പെടുത്തേണ്ട വിധം)
(ബി സ്ഥാനാർത്ഥിക്ക് വോട്ടുരേഖപ്പെടുത്താൻ ഉദ്ദേശിച്ചാൽ)

| ക്രമനമ്പർ | സ്ഥാനാർത്ഥിയുടെ പേരും വിലാസവും | വോട്ട് രേഖപ്പെടുത്തേണ്ട സ്ഥലം |
|---|---|---|
| 1 | എ | |
| 2 | ബി | X |
| 3 | സി | |
| 4 | ഡി | |

ഉദാഹരണം II ( രണ്ട് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് വോട്ട് രേഖപ്പെടുത്തേണ്ട വിധം)
(എ,ഡി എന്നീ സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് വോട്ട് രേഖപ്പെടുത്തേണ്ട വിധം)

| ക്രമ നമ്പർ | സ്ഥാനാർത്ഥിയുടെ പേരും വിലാസവും | വോട്ട് രേഖപ്പെടുത്തേണ്ട സ്ഥലം |
|---|---|---|
| 1 | എ | X |
| 2 | ബി | |
| 3 | സി | |
| 4 | ഡി | X |
| 5 | ഇ | |

ഓരോ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടേണ്ടതിലധികം സ്ഥാനാർത്ഥികളുടെ പേരിന് നേരെ വോട്ട് രേഖപ്പെടുത്തിയാൽ ആ വോട്ട് അസാധുവാകുന്നതാണ്. വോട്ട് രേഖപ്പെടുത്തുന്നത് വ്യക്തമായിരിക്കണം. സംശയം വരുന്ന വോട്ടുകൾ അസാധുവാകുന്നതാണ്. **"Arrow Cross mark"** ഉപയോഗിച്ചല്ലാതെയുള്ള വോട്ടുകളും മറ്റ് എന്തെങ്കിലും രേഖപ്പെടുത്തപ്പെട്ട ബാലറ്റുകളും സാധുവായിരിക്കുന്നതല്ല.

ഈ സർക്കുലറിലെ ഉള്ളടക്കം ബന്ധപ്പെട്ട എല്ലാവരുടേയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

രജിസ്ട്രാർ & റിട്ടേണിംഗ് ഓഫീസർ

സ്വീകർത്താവ്

എല്ലാ കോളേജ്/സ്റ്റേഷൻ/ഓഫീസ് മേധാവികൾക്കും

പകർപ്പ്: ഹെഡ്ക്വാർട്ടേഴ്സിലെ എല്ലാ മേലുദ്യോഗസ്ഥർക്കും, വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി/പി.എ./ രജിസ്ട്രാർ/കംപ്ട്രോളറുടെ പി.എ.മാർക്ക്/ കരുതൽ ശേഖരം/മിച്ചം.